# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം.462

## 04.02.2020 തീയതിയിലെ മറുപടിയ്ക്ക്

### അമച്വർ നാടകങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിക്ക് തുക

| ചോദ്യം<br>(ശ്രീ.ജോൺ ഫെർണാണ്ടസ്) | മറുപടി<br>( ഡോ.റ്റി.എം. തോമസ് ഐസക് ,<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി ) |
|---|---|
| (എ) സാംസ്കാരിക വകുപ്പിന്റെ 07.06.2019 ലെ 229/2019 നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയതും കേരള സംഗീത നാടക അക്കാദമി മുഖാന്തിരം നടപ്പിലാക്കുന്നതുമായ പ്രാദേശികമായി അവതരിപ്പിക്കുന്ന അമച്വർ നാടകങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിക്ക് തുക ലഭ്യമാക്കുന്നതിൽ ധനകാര്യ വകുപ്പിൽ നിന്നും നേരിടുന്ന കാലതാമസത്തിന് കാരണം വിശദമാക്കാമോ; | കേരള സംഗീത നാടക അക്കാദമി മുഖാന്തിരം നടപ്പിലാക്കുന്ന പ്രാദേശികമായി അവതരിപ്പിക്കുന്ന അമച്വർ നാടകങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതിയ്ക്കായി 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്ന 50 ലക്ഷം രൂപ അധിക ധന സഹായമായി 2018-19 സാമ്പത്തിക വർഷം (ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കണം എന്ന നിബന്ധനയ്ക്ക് വിധേയമായി) ധന വകുപ്പ് അനുവദിച്ചിരുന്നു. എന്നാൽ, ലോകസഭാ തെരെഞ്ഞെടുപ്പിനോട് അനുബന്ധിച്ചുള്ള മാതൃകാ പെരുമാറ്റച്ചട്ടം നില നിന്നിരുന്നതിനാൽ പ്രസ്തുത പദ്ധതിയ്ക്ക് 2018-19 സാമ്പത്തിക വർഷം ഭരണാനുമതി നൽകുവാൻ കഴിയാത്തതു കാരണം തുക ലാപ്സ് ആയിരുന്നു. തുടർന്ന്, 07.06.2019-ലെ സ.ഉ(സാധാ)നം.229/2019/സാം.കാ.വ ഉത്തരവ് പ്രകാരം ഭരണാനുമതി നല്കുകയും 2019-20 സാമ്പത്തിക വർഷത്തെ |

| | |
|---|---|
| | "2205-00-102-90-36(നോൺ പ്ലാൻ)" എന്ന ശീർഷകത്തിൽ 50 ലക്ഷം രൂപ അധിക തുകയായി അനുവദിക്കുന്നതിനു ശിപാർശ സമർപ്പിക്കുകയും ചെയ്യുതിൻ പ്രകാരം ധന വകുപ്പ് ടി വിഷയം വീണ്ടും പരിശോധിക്കുകയും, സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയുടെ അടിസ്ഥാനത്തിൽ ടി ശിപാർശ അടുത്ത സാമ്പത്തിക വർഷം പരിഗണിയ്ക്കാവുന്നതാണെന്ന് ഭരണ വകുപ്പിനെ അറിയിക്കുകയും ചെയ്യിട്ടുണ്ട്. മേൽ ശീർഷകത്തിലെ ബജറ്റ് വിഹിതമായ 1,21,50,000/-രൂപയിൽ 90,72,500/-രൂപ ധന വകുപ്പ് അനുവദിച്ചിരുന്നു. ആയതിൽ 30,78,000/-രൂപ ടി ശീർഷകത്തിൽ അവശേഷിക്കുന്നുണ്ട്. |
| (ബി) ഇത് എന്നത്തേക്ക് ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | അടുത്ത സാമ്പത്തിക വർഷം ടി പദ്ധതിയ്ക്കായുള്ള തുക അനുവദിയ്ക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

Jayanthy. T

**സെക്ഷൻ ഓഫീസർ**